# സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം-കുട്ടികൾക്കെതിരെയുള്ള പീഡനം-മാസ്റ്റർ ഷെഫീക് കമ്മിറ്റി റിപ്പോർട്ട്-നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ

സൂചന: ജി.ഒ.(എം.എസ്)60/2013/എസ്.ജെ.ഡി/29/11/2013

മേൽ സൂചന പ്രകാരം കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയുന്നതിനും ഫലപ്രദമായി നിയന്ത്രിക്കുന്നതിനും സർക്കാർ ഉത്തരവായിരിക്കുന്നു. ടി സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായ മാസ്റ്റർ ഷെഫീക് കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സ്കൂളുകളിൽ കർശനമായി നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്നു.

1. പീഡനങ്ങൾക്ക് വിധേയരാകുന്ന സ്കൂൾകുട്ടികളെ കണ്ടെത്തുക.
2. വിവരം ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് കൃത്യമായി റിപ്പോർട്ട്ചെയ്യുക.
3. എല്ലാ സ്കൂളുകളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കുക.
4. പീഡനത്തിന് വിധേയരാകുന്നു എന്ന് തിരിച്ചറിഞ്ഞ കുട്ടികളുടെ ഒരു രജിസ്റ്റർ സൂക്ഷിക്കുക.
5. Out Responsibility to Children (ORC) എന്ന സംവിധാനം അടിയന്തിരമായി രൂപീകരിക്കുക. അതിന്റെ നോഡൽ ടീച്ചർ ആയിരിക്കണം രേഖകൾ സൂക്ഷിക്കുന്നതും പരാതിപ്പെട്ടിയുടെ ചുമതല വഹിക്കുന്നതും.
6. കുട്ടികളുടെ പീഡന കേസുകൾ റിപ്പോർട്ട് ചെയ്യാത്ത അദ്ധ്യാപകർക്കെതിരെ ഡിപ്പാർട്ട്മെന്റ നടപടി എടുക്കുന്നതായിരിക്കും. അതിനുപുറമേ കുട്ടികളുടെ പീഡനങ്ങൾ ക്രിമിനൽ കേസുകൾ ആയതിനാൽ അത് പോലീസിലേക്ക് റിപ്പോർട്ട് ചെയ്തില്ലെങ്കിൽ പ്രധാനാദ്ധ്യാപകനെതിരെ പോലീസ് ക്രിമിനൽ കേസ് ഫയൽ ചെയ്യുന്നതാണ്.
7. പീഡനത്തിന് വിധേയരായ കുട്ടികൾക്ക് ആവശ്യമായ മെഡിക്കൽ സഹായം, വിദ്യാഭ്യാസ ചെലവുകൾ എന്നിവയ്ക്ക് ജില്ലാ സോഷ്യൽ നീതി വകുപ്പ് ഓഫീസർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.
8. ചൈൽഡ് ലൈൻ പ്രവർത്തകരുടെ നമ്പർ "1098" സ്കൂൾ നോട്ടീസ് ബോർഡിലും എല്ലാ ക്ലാസ്സ് മുറികളിലും അറിയിപ്പായി പ്രദർശിപ്പിക്കേണ്ടുന്നതിന്റെ പ്രധാന ചുമതല പ്രധാനാദ്ധ്യാപകൻ/പ്രിൻസിപ്പാൾ എന്നിവർക്കായിരിക്കും.
9. മറ്റു ഏജൻസികളായ Child Line, കുടുംബശ്രീ, നിർഭയ, മഹിള സമഖ്യ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജാഗ്രത സമിതികൾ, ജുവനൈൽ പോലീസ് എന്നിവയുമായി പ്രധാനാദ്ധ്യാപകർ ബന്ധപ്പെടുകയും ആവശ്യമായ സഹായ സഹകരണങ്ങൾ നേടുകയും വേണം.
10. ജില്ലാതല ORC യിൽ എല്ലാ മാസത്തിലും റിവ്യൂ മീറ്റിംഗുകൾ നടത്തുകയും അതിൽ ഗുരുതര സ്വഭാവമുള്ള കേസുകൾ കൈകാര്യം ചെയ്തിട്ടുണ്ടെങ്കിൽ സംസ്ഥാന കമ്മിറ്റിയിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻപ്രകാരം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ
Sls/7/5/14

നമ്പർ: H2-19191/2012 തീയതി: 16/05/14.

മേൽ പകർപ്പ് എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും അറിവിലേയ്ക്കും, അടിയന്തിര നടപടികൾക്കുമായി നൽകുന്നു. സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള പ്രവർത്തനങ്ങൾ താങ്കളുടെ അധികാരപരിധിയിൽ വരുന്ന എല്ലാ സ്കൂളുകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിദ്യാഭ്യാസ ഉപഡയറക്ടർ
തൃശ്ശൂർ